BA take copy

**C 82393-B** (Pages : 2) Name.....................................

Reg. No..................................

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2020

Malayalam

MAL 2A 08 (1)—MALAYALA SAHITHYAM–2

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 "വാനിൽ നിന്നും നിജ നീഡമാർന്നെഴും
കാനനം ഖഗയുവാവു പോലവേ"

—ആശയം വിശദമാക്കുക.

2 പ്രാണനാഥന്റെ വിഷാദത്തെ സൂര്യകാന്തിയിൽ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

3 അംബയെ ആശ്രമത്തിൽ താമസിപ്പിക്കുന്നത് ഉചിതമല്ലെന്ന് സന്യാസിമാർ തീരുമാനിച്ചത് എന്തു കൊണ്ടാണെന്നാണ് മാരാർ ചൂണ്ടിക്കാട്ടുന്നത് ?

4 "ഇന്നുനാമാദ്യ കവിതയുണ്ടാക്കുക
ഇന്നുനാമാദ്യ കവിത വായിക്കുക"

—കവി വിവക്ഷിതമെന്ത് ?

5 പ്രീതനായ പിതാവ് ആവശ്യമുള്ള വരം ചോദിച്ചപ്പോൾ ഒരിക്കൽക്കൂടി മാതൃഹത്യ ചെയ്യുകയാണ് പരശുരാമൻ ചെയ്യത് എന്ന് ലേഖകൻ പറയാനുണ്ടായ കാരണമെന്ത് ?

6 'വാടിയ പൂക്കളോടല്ല ഇനി വിടരേണ്ടുന്ന മൊട്ടുകളോടാണ് കഥ പറയേണ്ടത്' എന്ന് കവി പറയാൻ കാരണമെന്ത് ?

7 സർഗ്ഗാത്മക സമൃദ്ധി കവിയ്ക്ക് മുൾക്കിരീടമായി തോന്നാൻ കാരണമെന്ത് ?

8 'മഹാഭാരതകഥയിൽ അവളുടെ നില ഒന്നാന്തരം തന്റേടകാരിയായിട്ടാണ്' ലേഖകൻ സൂചിപ്പിക്കുന്നതെന്ത് ?

9 ആധുനിക നിരൂപണത്തിന്റെ പൊതു സവിശേഷതകൾ എന്തെല്ലാമായിരുന്നു ?

10 "പിരികയാണിതാ, ഞാനൊരധഃകൃതൻ
കരയുവാനായ് പിറന്നൊരു കാമുകൻ"

—ഈ വരികളിൽ തെളിയുന്ന ഭാവതലം വ്യക്തമാക്കുക.

11 'ഏഴോ എഴുപതോ ഏഴായിരമോ അതിൽ നിറഭേദങ്ങൾ'—ആശയം വിശദമാക്കുക.

12 പരശുരാമൻ അംബയ്ക്ക് നൽകുന്ന ഉറപ്പ് എന്ത് ?

Turn over

13 ഭാവഗീതം എന്നാലെന്ത് ?

14 'ഇതില്പരം ഒരു യുക്തിവിരോധം എവിടെ കാണും ?' മുണ്ടശ്ശേരി കാണുന്ന യുക്തിവിരോധം എന്താണ് ?

15 അംബയുടെ പ്രതികാരം എന്തായിരുന്നു ?

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 താമരപ്പൂവിനെ നളിനിയുടെ അന്ത:രംഗവുമായി ബന്ധപ്പെടുത്തി ആശാൻ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

17 സ്നേഹത്തെക്കുറിച്ചുള്ള തത്ത്വങ്ങൾ 'സൂര്യകാന്തി'യിൽ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

18 'കലോപാസകൻ' എന്ന കവിത മുന്നോട്ടു വെയ്ക്കുന്ന ദർശനം എന്ത് ?

19 'കുതിരക്കൊമ്പ്' എന്ന കവിതയുടെ രാഷ്ട്രീയമാനം വിശദമാക്കുക.

20 'മണിനാദം' എന്ന കവിതയിൽ ദൃശ്യമാകുന്ന കാല്പനികാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുക.

21 നിത്യജീവിതത്തിലെ സൂക്ഷ്മ ചലനങ്ങളുടെ സ്വച്ഛന്ദമായ ആവിഷ്കരണമാണ് 'അമ്മയെ കുളിപ്പിക്കുമ്പോൾ' —എന്ന കവിത സമർത്ഥിക്കുക.

22 'സൂര്യകാന്തി' എന്ന കവിതയിലെ മിസ്റ്റിക് തലങ്ങൾ വിശദമാക്കുക.

23 മലയാള കവിതയിൽ ഭാവുകത്വ പരിണാമത്തിനു വഴി മരുന്നിട്ട കവികളിൽ പ്രധാനിയാണ് ആറ്റൂർ രവിവർമ്മ—വിശദമാക്കുക.

(35 marks)

III. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക്.

24 'മരണത്തിന്റെ സൗന്ദര്യം' എന്ന ലേഖനത്തിൽ കെ.പി. അപ്പൻ മുന്നോട്ടു വെയ്ക്കുന്ന ചിന്തകൾ എന്തെല്ലാം ? വിവരിക്കുക.

25 ആക്ഷേപഹാസ്യകൃതി എന്ന നിലയിൽ 'കുതിരക്കൊമ്പ്' എന്ന കവിതയെ വിലയിരുത്തുക.

26 'നളിനി'യെ ആധാരമാക്കി കുമാരനാശാന്റെ കാവ്യദർശനം വിശകലനം ചെയ്യുക.

27 എഴുത്തും അധികാരവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ലേഖകൻ പറയുന്ന ആശയങ്ങൾ ക്രോഡീകരിക്കുക.

($2 \times 10 = 20$ marks)